# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5696 — 03.11.2016-ൽ മറുപടിയ്ക്ക്

## സാഹിത്യ അക്കാദമിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ വി.ഡി.സതീശൻ<br>ശ്രീ കെ.മുരളീധരൻ<br>ശ്രീ അനിൽ അക്കര | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സാഹിത്യ അക്കാദമിയുടെ പ്രവർത്തനം സജീവമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ സാംസ്കാരികമായ ഉന്നതി വളർത്തുന്ന തരത്തിൽ വ്യാപിപ്പിക്കുന്നതാണ്. നവോത്ഥാനമൂല്യങ്ങളുടെ വീണ്ടെടുപ്പിനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും അക്കാദമി ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് വരുന്നു. അക്കാദമി ഒരു വരേണ്യ ന്യൂനപക്ഷത്തിന്റേതാക്കി നിർത്തുന്നതിന് പകരം ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്ത് പ്രവർത്തിക്കുന്നതിനാണ് പുതിയ ഭരണസമിതി ശ്രമിക്കുന്നത്. അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ലഭ്യമാക്കാനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ അക്കാദമിക്കുള്ള വിഹിതം 50% വർദ്ധിപ്പിച്ചു. |
| (ബി) സാഹിത്യ അക്കാദമിയുടെ കൃതികൾ ഡിജിറ്റൈസേഷൻ നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള സാഹിത്യ അക്കാദമിയിൽ ഡിജിറ്റൈസേഷൻ നടത്താൻ പദ്ധതിയുണ്ട്. അക്കാദമി ലൈബ്രറിയിലെ ആദ്യകാല പുസ്തകങ്ങളും ആനുകാലികങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും ഡിജിറ്റൈസ് ചെയ്ത് ഓഫ് ലൈൻ ഡിജിറ്റൽ ലൈബ്രറിയിലൂടെ അക്കാദമിയിലെ വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കുന്നതിനും പകർപ്പവകാശത്തിന്റെ പരിധിയിൽ വരാത്ത പുസ്തകങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓൺലൈനായി 1003 പുസ്തകങ്ങളും ഓഫ് ലൈനായി 6511 പുസ്തകങ്ങളും ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ? | (സി) | കേരള സാഹിത്യ അക്കാദമി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് മലയാളം ഡിജിറ്റൽ റിസോഴ്സ് സെന്ററും സംസ്ഥാന ഡിജിറ്റൈസേഷൻ ഹബ്ബും സ്ഥാപിക്കുന്നതിന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 2.00 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ